REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 24-07-2024 സമയം 12.30 PM

## പ്രധാന വാർത്തകൾ

- കേന്ദ്ര ബജറ്റിൽ ചില സംസ്ഥാനങ്ങളോട് വിവേചനം കാണിച്ചെന്ന ആരോപണം ധനമന്ത്രി നിർമല സീതാരാമൻ നിഷേധിച്ചു. പ്രതിപക്ഷം ഇരു സഭകളിൽ നിന്നും ഇറങ്ങിപ്പോയി.
- കോടതികളുടെ പ്രവർത്തന സമയത്തിൽ സുപ്രീം കോടതി ഭേദഗതി വരുത്തി.
- കർണാടകയിലെ ഷിരൂരിൽ അർജുന് വേണ്ടി ബൂം യന്ത്രം ഉപയോഗിച്ച് തിരച്ചിൽ ഉടൻ ആരംഭിക്കും.
- ചലച്ചിത്ര മേഖലയിലെ സ്ത്രീകൾ അനുഭവിക്കുന്ന പ്രശ്നങ്ങൾ സംബന്ധിച്ച ജസ്റ്റിസ് ഹേമ കമ്മീഷൻ റിപ്പോർട്ട് ഇന്ന് പുറത്തുവിടും.
- ദക്ഷിണേന്ത്യയിലെ ഏറ്റവും വലിയ വൈറ്റ് വാട്ടർ കയാക്കിംഗ് മത്സരമായ മലബാർ റിവർ ഫെസ്റ്റിവലിന്റെ പത്താമത് പതിപ്പിന് നാളെ കോഴിക്കോട്ട് തുടക്കം.

## വാർത്തകൾ വിശദമായി

കേന്ദ്ര ബജറ്റിൽ ചില സംസ്ഥാനങ്ങളോട് വിവേചനം കാണിച്ചെന്ന ആരോപണം ധനമന്ത്രി നിർമല സീതാരാമൻ നിഷേധിച്ചു. പ്രതിപക്ഷം ഭരിക്കുന്ന സംസ്ഥാനങ്ങൾക്ക് ബജറ്റിൽ ഒന്നും നൽകിയില്ലെന്ന ധാരണ ജനങ്ങളിൽ പരത്താൻ കോൺഗ്രസിന്റെ നേതൃത്വത്തിൽ പ്രതിപക്ഷം

ബോധപൂർവം ശ്രമിക്കുകയാണെന്ന് അവർ രാജ്യസഭയിലെ ശൂന്യവേളയിൽ കുറ്റപ്പെടുത്തി. ബജറ്റിൽ എല്ലാ സംസ്ഥാനങ്ങളുടെയും പേരെടുത്ത് പറയാൻ ആർക്കും സാധ്യമല്ല. സംസ്ഥാനത്തിന്റെ പേര് പറഞ്ഞില്ലാ എന്നതിന്റെ പേരിൽ അവർക്ക് ബജറ്റിൽ ഒന്നും അനുവദിച്ചിട്ടില്ലെന്ന് അർത്ഥമില്ലെന്നും അവർ വിശദീകരിച്ചു. മഹാരാഷ്ട്രയ്ക്കും പശ്ചിബംഗാളിനും ഉൾപ്പെടെ നിരവധി പദ്ധതികൾ ബജറ്റിൽ എടുത്തു പറഞ്ഞിട്ടുണ്ടെന്നും നിർമലാ സീതാരാമൻ പറഞ്ഞു.

ധനമന്ത്രിയുടെ വിശദീകരണത്തിൽ തൃപ്തരാകാതെ പ്രതിപക്ഷം രാജ്യസഭയിൽ നിന്നിറങ്ങിപ്പോയി. ഇതേ പ്രശ്നത്തിൽ ലോക്സഭയിൽ നിന്നും പ്രതിപക്ഷം ഇറങ്ങിപ്പോയിരുന്നു.

✪✪✪

റെയിൽവേയ്ക്കു കേന്ദ്ര ബജറ്റിൽ രണ്ട് ലക്ഷത്തി 62,200 കോടി രൂപ വകയിരുത്തിയ നടപടി ചരിത്രപരമാണെന്ന് കേന്ദ്ര റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു. ഇത് റെയിൽവേക്ക് വലിയ ഉത്തേജനം നൽകുമെന്നും അദ്ദേഹം ഡൽഹിയിൽ മാധ്യമങ്ങളോട് പറഞ്ഞു. മൊത്തം ബജറ്റ് വിഹിതത്തിൽ ഒരു ലക്ഷത്തി എട്ടായിരം കോടി രൂപ സുരക്ഷയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കായി നീക്കിവച്ചിട്ടുണ്ടെന്ന് വൈഷ്ണവ് അറിയിച്ചു. സുരക്ഷ, യാത്രക്കാരുടെ സൗകര്യം, ശേഷി വർദ്ധിപ്പിക്കൽ, റെയിൽവേയുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ

എന്നിവയ്ക്ക് ബജറ്റിൽ ഊന്നൽ നൽകിയിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.

കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ ഇലക്ട്രോണിക്സ്, മൊബൈൽ നിർമ്മാണം വലിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന വിഭാഗമായി ഉയർന്നുവന്നിട്ടുണ്ടെന്നും ഇലക്ട്രോണിക്സ്, I.T മന്ത്രി കൂടിയായ വൈഷ്ണവ് പറഞ്ഞു.

✪✪✪

കായിക മന്ത്രാലയത്തിന്റെ ഖേലോ ഇന്ത്യ പരിപാടിയ്ക്ക് ബജറ്റിൽ ഉയർന്ന വിഹിതം വകയിരുത്തി. കായിക മേഖലയ്ക്ക് അനുവദിച്ച 3,442 കോടി രൂപയിൽ 900 കോടി രൂപയും ഖേലോ ഇന്ത്യയ്ക്കാണ്. കഴിഞ്ഞ ബജറ്റിനെക്കാൾ 20 കോടി രൂപ കൂടുതലാണിത്. യുവ കായിക പ്രതിഭകളെ കണ്ടെത്താനും കായിക രംഗത്തെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താനും പരിഗണന നൽകുന്ന പരിപാടിയാണ് ഖേലോ ഇന്ത്യ.

✪✪✪

മൂന്ന് കാൻസർ മരുന്നുകളുടെ കൂടി കസ്റ്റംസ് തീരുവ കേന്ദ്ര ഗവൺമെന്റ് ഒഴിവാക്കി. സാധാരണക്കാർക്ക് കുറഞ്ഞ ചെലവിൽ മരുന്ന് ലഭ്യത ഉറപ്പാക്കാനാണ് ബജറ്റിൽ ഈ നിർദേശം മുന്നോട്ട് വെച്ചത്.

രാജ്യത്തെ 27 ലക്ഷം കാൻസർ രോഗികൾക്ക് ഈ തീരുമാനത്തിന്റെ പ്രയോജനം ലഭിക്കുമെന്ന് ആരോഗ്യ മന്ത്രാലയം അറിയിച്ചു. എക്സ്റേ ട്യൂബുകളുടെയും ഫ്ലാറ്റ്

പാനൽ ഡിറ്റക്ടറുകളുടെയും കസ്റ്റംസ് തീരുവയും പരിഷ്കരിച്ചതായി കേന്ദ്രം വ്യക്തമാക്കി.

✪✪✪

കോടതികളുടെ പ്രവർത്തന സമയത്തിൽ സുപ്രീം കോടതി ഭേദഗതി വരുത്തി. ഓഗസ്റ്റ് ഒന്നു മുതൽ രാവിലെ പത്ത് മുതൽ അഞ്ച് വരെയായിരിക്കും കോടതികൾ പ്രവർത്തിക്കുന്നത്. പൊതു അവധി ദിവസങ്ങളിലും രണ്ടാം ശനിയാഴ്ചയിലും നാലാം ശനിയാഴ്ചയിലും കോടതികൾ പ്രവർത്തിക്കില്ലെന്ന് സുപ്രീം കോടതി, വിജ്ഞാപനത്തിൽ വ്യക്തമാക്കി.

✪✪✪

നീറ്റ് പരീക്ഷയുടെ പവിത്രതയിൽ വിട്ടുവീഴ്ച ഉണ്ടായില്ലെന്ന് സുപ്രീം കോടതി വ്യക്തമാക്കിയെങ്കിലും പ്രതിപക്ഷ പാർട്ടികൾ രാജ്യത്തെ തെറ്റിദ്ധരിപ്പിക്കുകയാണെന്ന് മുതിർന്ന BJP നേതാവ് രവിശങ്കർ പ്രസാദ് പറഞ്ഞു. കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി ഇന്ത്യയെ കുറിച്ച് പുറമെ മോശമായ പ്രതിച്ഛായ സൃഷ്ടിച്ചുവെന്നും ന്യൂഡൽഹിയിൽ വാർത്താ സമ്മേളനത്തിൽ അദ്ദേഹം ആരോപിച്ചു.

✪✪✪

കർണാടകയിലെ ഷിരൂരിൽ മണ്ണിടിച്ചിലിൽ കാണാതായ കോഴിക്കോട് സ്വദേശി അർജുന് വേണ്ടി ബൂം യന്ത്രം ഉപയോഗിച്ച് തിരച്ചിൽ ഉടൻ ആരംഭിക്കും. ഇതിനായി യന്ത്രം ഷിരൂരിലെത്തിച്ചു. ഗംഗാവലി പുഴയിൽ യന്ത്രം ഇറക്കി തിരച്ചിൽ നടത്തുന്നതിന് നടപടി പുരോഗമിക്കുകയാണ്.

കഴിഞ്ഞ ദിവസം റഡാർ സിഗ്നൽ ലഭിച്ച അതേ സ്ഥലത്ത് നിന്നും സോണാർ സിഗ്നലും ലഭിച്ചിട്ടുണ്ടെന്നും, ഇത് രക്ഷാദൗത്യത്തിൽ നിർണായകമായേക്കുമെന്നും സൈന്യം അറിയിച്ചു. ശക്തമായ അടിയൊഴുക്ക് മൂലമാണ് ഇന്നലെ ഈ പ്രദേശത്ത് ഇറങ്ങാൻ കഴിയാതെ വന്നത്. രണ്ട് സിഗ്നലുകളും ഒരു വലിയ വസ്തുവിന്റെ സാന്നിധ്യം സൂചിപ്പിക്കുന്നതിനാൽ അവിടെ ആകും ഇന്ന് തെരച്ചിലിന്റെ കേന്ദ്ര ബിന്ദുവെന്നും നാവിക സേന വ്യക്തമാക്കി. ഐബോഡ് എന്ന ഉപകരണം ഉപയോഗിച്ചും പരിശോധന നടത്താനാണ് നാവികസേനയുടെ തീരുമാനം. ആകാശത്ത് നിന്ന് നിരീക്ഷിച്ച് ചെളിക്കടിയിൽ പൂഴ്ന്ന് പോയ വസ്തുക്കളുടെ സിഗ്നലുകൾ കണ്ടെത്തുന്ന ഉപകരണമാണ് 'ഐബോഡ്.

അതിനിടെ, മണ്ണിടിഞ്ഞതിന് പിന്നാലെ ഗംഗാവലി പുഴയുടെ മറുകരയിലുള്ളവർ ഭയന്നോടുന്ന ദൃശ്യങ്ങളടങ്ങിയ വീഡിയോ പുറത്തുവന്നു. വാഹനങ്ങൾ ഒഴുകി പോകുന്നതായി അവർ പറയുന്നതും ദൃശ്യങ്ങളിലുണ്ട്.

✪✪✪

കാണാതായ അർജുനു വേണ്ടി രക്ഷാ പ്രവർത്തനം വേഗത്തിലാക്കണമെന്ന് ആവശ്യപ്പെടുന്ന ഹർജി കർണാടക ഹൈക്കോടതി ഇന്ന് പരിഗണിക്കും. ചീഫ് ജസ്റ്റിസ് N.V അൻജാരിയയും ജസ്റ്റിസ് K.V അരവിന്ദും അടങ്ങിയ ബെഞ്ചാണ് ഹർജി പരിഗണിക്കുന്നത്.

ഇന്നലെ കേസ് പരിഗണിച്ച പ്രത്യേക ബെഞ്ച് കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾക്ക് നോട്ടീസ് നൽകിയിരുന്നു.

രക്ഷാപ്രവർത്തനം വേഗത്തിലാക്കാൻ ഇടപെടൽ ആവശ്യപ്പെട്ട് സുപ്രീം കോടതിയെ സമീപിച്ച അഭിഭാഷകരോട് കർണാടക ഹൈക്കോടതിയെ സമീപിക്കാൻ ചീഫ് ജസ്റ്റിസിന്റെ ബെഞ്ച് നിർദ്ദേശിക്കുകയായിരുന്നു.

✪✪✪

ചലച്ചിത്ര മേഖലയിലെ സ്ത്രീകൾ അനുഭവിക്കുന്ന പ്രശ്നങ്ങൾ സംബന്ധിച്ച ജസ്റ്റിസ് ഹേമ കമ്മീഷൻ റിപ്പോർട്ട് ഇന്ന് പുറത്തുവിടും. വ്യക്തികളുടെ സ്വകാര്യതയെ ബാധിക്കുന്നവയും തിരിച്ചറിയാൻ സഹായിക്കുന്നവയുമായ ഭാഗങ്ങൾ സംസ്ഥാന വിവരാവകാശ കമ്മിഷന്റെ ഉത്തരവ് അനുസരിച്ച് ഒഴിവാക്കിയാണ് പ്രസിദ്ധീകരിക്കുക.

✪✪✪

സംസ്ഥാനത്ത് ഭിന്നശേഷിക്കാരുടെ ശാക്തീകരണത്തിന് സ്വയം സഹായ സംഘങ്ങൾ രൂപീകരിക്കുമെന്ന് മന്ത്രി ഡോ. R. ബിന്ദു അറിയിച്ചു. പാലക്കാട് ജില്ലയിലെ ഭിന്നശേഷിക്കാർക്ക് ശ്രവൺ പദ്ധതി പ്രകാരം ശ്രവണസഹായികളുടെ വിതരണം ഒറ്റപ്പാലത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

✪✪✪

സംസ്ഥാനത്ത് ഒരു ഗഡു ക്ഷേമപെൻഷൻ വിതരണം തുടങ്ങി. 900 കോടി രൂപ ഇതിനായി ധനവകുപ്പ് അനുവദിച്ചിട്ടുണ്ട്.

✪✪✪

അമീബിക്ക് മസ്തിഷ്ക ജ്വരം ബാധിച്ച് കോഴിക്കോട് സ്വകാര്യ ആശുപത്രിയിൽ ചികിൽസയിൽ കഴിയുന്ന കണ്ണൂർ

സ്വദേശിയായ കുട്ടി തീവ്രപരിചരണ വിഭാഗത്തിൽ തുടരുന്നു. കുട്ടി മരുന്നുകളോട് പ്രതികരിക്കുന്നുണ്ടെന്ന് ആശുപത്രി അധികൃതർ പറഞ്ഞു.

✪✪✪

തൂങ്ങാംപാറ ടൂറിസം പദ്ധതിയ്ക്ക് ഇന്ന് തിരുവനന്തപുരത്ത് തുടക്കമാകും. വൈകിട്ട് മന്ത്രി P.A മുഹമ്മദ് റിയാസ് പദ്ധതി ഉദ്ഘാടനം ചെയ്യും. തെന്മല ഇക്കോ ടൂറിസം പ്രമോഷൻ സൊസൈറ്റി മുഖേനയാണ് തൂങ്ങാം പാറ ടൂറിസം പദ്ധതി നടപ്പാക്കുന്നത്. ഒരു കോടിയോളം രൂപയാണ് പദ്ധതിയുടെ നിർമ്മാണ ചെലവ്.

✪✪✪

വയനാട് ജില്ലയിൽ മഴ കുറഞ്ഞ സാഹചര്യത്തിൽ അഡ്വഞ്ചർ പാർക്കുകളുടെയും, ട്രക്കിങ്ങിന്റെയും നിരോധനം ജില്ലാ കളക്ടർ പിൻവലിച്ചു. കോടതി ഉത്തരവു പ്രകാരം നിയന്ത്രണം ഏർപ്പെടുത്തിയ കേന്ദ്രങ്ങൾക്ക് ഈ ഉത്തരവ് ബാധകമല്ലെന്ന് കളക്ടർ അറിയിച്ചു.

✪✪✪

വനിത വികസന കോർപറേഷൻ 2010 മുതൽ 2016 വരെ വിതരണം ചെയ്ത വായ്പകളിലെ കുടിശികയിൽ പിഴപ്പലിശ പൂർണമായി ഒഴിവാക്കുന്നതിന് അനുമതി നൽകിയതായി മന്ത്രി വീണാ ജോർജ് അറിയിച്ചു. ഈ കാലയളവിൽ വിവിധ കാരണങ്ങളാൽ കുടിശിക തീർക്കാതെ പോയ വായ്പകൾക്കാണ് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ബാധകമാകുകയെന്നും മന്ത്രി പറഞ്ഞു.

✪✪✪

എക്സൈസ് വകുപ്പിനെ ആധുനികവൽക്കരിക്കുന്നതിനാണ് ഗവൺമെന്റ് ഊന്നൽ നൽകുന്നതെന്ന് മന്ത്രി M.B രാജേഷ് പറഞ്ഞു. അമരവിള എക്സൈസ് റേഞ്ച് ഓഫീസ് കെട്ടിട നിർമാണ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി.

പുതിയ കാലത്തെ വെല്ലുവിളികൾ നേരിടാൻ എക്സൈസ് വകുപ്പിനെ പ്രാപ്തമാക്കുകയാണെന്നും, പത്തുപതിനഞ്ചു കൊല്ലം മുമ്പ് നേരിട്ട വെല്ലുവിളികൾ അല്ല ഇന്ന് വകുപ്പ് അഭിമുഖീകരിക്കുന്നതെന്നും മന്ത്രി പറഞ്ഞു. സംസ്ഥാനത്ത് മയക്കുമരുന്ന് വലിയ വിപത്തായി മാറിയിട്ടുണ്ട്. നിറം, മണം അല്ലെങ്കിൽ മറ്റേതെങ്കിലും സവിശേഷത കൊണ്ട് എളുപ്പത്തിൽ തിരിച്ചറിയാൻ കഴിയാത്ത മാരകമായ സിന്തറ്റിക് മയക്കുമരുന്നുകളുടെ വ്യാപനമടക്കം തടയേണ്ടതുണ്ടെന്നും രാജേഷ് വ്യക്തമാക്കി.

✪✪✪

ദക്ഷിണേന്ത്യയിലെ ഏറ്റവും വലിയ വൈറ്റ് വാട്ടർ കയാക്കിംഗ് മത്സരമായ മലബാർ റിവർ ഫെസ്റ്റിവലിന്റെ പത്താമത് പതിപ്പിന് നാളെ കോഴിക്കോട്ട് തുടക്കമാകും. നാല് നാൾ നീണ്ടു നിൽക്കുന്ന മത്സരങ്ങൾ കോടഞ്ചേരിയിലെ ചാലിപ്പുഴയിലും ഇരുവഞ്ഞിയിലും ചക്കിട്ടപ്പാറയിലെ മീൻതുള്ളിപ്പാറയിലുമായി നടക്കും.

എട്ട് രാജ്യങ്ങളിൽ നിന്നായി 13 അന്താരാഷ്ട്ര കയാക്കർമാരാണ് മലബാർ റിവർ ഫെസ്റ്റിൽ പങ്കെടുക്കുന്നത്.

ഫ്രാൻസ്, ന്യൂസിലന്റ്, നോർവേ, ഇറ്റലി, റഷ്യ, സ്പെയിൻ എന്നീ രാജ്യങ്ങളിലെ കയാക്കർമാർ ഇതിലുൾപ്പെടും. ഇവരിൽ പലരും കോടഞ്ചേരിയിൽ എത്തിക്കഴിഞ്ഞു.

✪✪✪

വനിതാ ഏഷ്യാ കപ്പ് ക്രിക്കറ്റിൽ ഇന്ത്യ സെമിയിൽ. ദാംബുള്ളയിൽ നേപ്പാളിനെ 82 റൺസിന് പരാജയപ്പെടുത്തിയാണ് ഇന്ത്യയുടെ സെമി പ്രവേശം. ഗ്രൂപ്പ് എയിൽ നിന്ന് ഇന്ത്യയും പാകിസ്ഥാനും സെമിയിലേക്ക് യോഗ്യത നേടിയപ്പോൾ നേപ്പാളും യു.എ.ഇയും പുറത്തായി.

ഇന്ന് ബംഗ്ലാദേശ് ഉച്ചയ്ക്ക് രണ്ടിന് മലേഷ്യയെയും വൈകിട്ട് ഏഴിന് ശ്രീലങ്ക തായ്‌ലണ്ടിനെയും നേരിടും.

✪✪✪

പാരീസ് ഒളിമ്പിക്സിന് മറ്റന്നാൾ തിരശീല ഉയരാനിരിക്കെ ഫുട്ബോൾ മൽസരത്തിന് ഇന്ന് തുടക്കമാകും. ആദ്യ മൽസരത്തിൽ പുരുഷ വിഭാഗം ഗ്രൂപ്പ് C യിൽ സ്പെയിൻ ഉസ്ബോക്കിസ്ഥാനേയും, ഗ്രൂപ്പ് B യിൽ അർജന്റീന മൊറോക്കോയേയും നേരിടും. വൈകീട്ട് 6.30 നാണ് മൽസരം.

രാത്രി 8.30-ന് ന്യൂസിലന്റ്-ഗിനിയ, ഈജിപ്ത്-ഡൊമിനിക്കൻ റിപ്പബ്ലിക്ക് മൽസരങ്ങളും രാത്രി 10.30ന് ഇറാഖ്-യുക്രൈൻ, ജപ്പാൻ-പാരഗ്വായ് മൽസരങ്ങളും നടക്കും.

ഫ്രാൻസ്- യു.എസ്, മാലി-ഇസ്രായേൽ മൽസരങ്ങൾ രാത്രി 12.30 നാണ്. നാല് ഗ്രൂപ്പുകളിലായി ആകെ 16 ടീമുകളാണ് മൽസരിക്കുക.

✪✪✪

ICSE സ്കൂളുകളുടെ സംസ്ഥാന തായ്ക്വോണ്ടോ ചാമ്പ്യൻഷിപ്പിന് കോഴിക്കോട് തുടക്കമായി. ലയോള സ്കൂൾ ആതിഥേയത്വം വഹിക്കുന്ന ചാമ്പ്യൻഷിപ്പ് V.K.കൃഷ്ണമേനോൻ ഇൻഡോർ സ്റ്റേഡിയത്തിലാണ് നടത്തുന്നത്.

✪✪✪

സംസ്ഥാനത്ത് ശനിയാഴ്ച വരെ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. വടക്കൻ ജില്ലകളിൽ കനത്ത മഴ പെയ്യുമെന്നാണ് മുന്നറിയിപ്പ്. ശക്തമായ മഴയ്ക്ക് സാധ്യത കണക്കിലെടുത്ത് കണ്ണൂർ, കാസർകോഡ് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു.

✪✪✪

അടുത്ത രണ്ട് ദിവസങ്ങളിൽ ഗുജറാത്ത്, കൊങ്കൺ, ഗോവ, മഹാരാഷ്ട്ര എന്നിവിടങ്ങളിൽ അതിശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

✪✪✪